Service With Love
JUBILEE MISSION
MEDICAL COLLEGE & RESEARCH INSTITUTE
Jubilee Mission P.O., East Fort,Thrissur - 680005, Kerala, India

28.11.2024

# ജൂബിലിയിൽ എമർജൻസി മെഡിസിന്റെ സംസ്ഥാന സമ്മേളനം – ഇ.എം.കേരള–2024 സംഘടിപ്പിച്ചു.

ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ നവംബർ23 മുതൽ 25 വരെ നടന്ന നാലാമത് സംസ്ഥാന എമർജൻസി മെഡിസിൻ കോൺഫറൻസ് – ഇ.എം. കേരള-2024-വലിയ വിജയമായി. അടിയന്തിര ചികിത്സാരംഗത്തെ പ്രഗത്ഭരായ ഡോക്ടർമാരെയും വിദ്യാർത്ഥികളേയും ഒരുമിപ്പിച്ച ഈ സമ്മേളനം അന്താരാഷ്ട്ര തലത്തിൽ പ്രശസ്തരായ വിദഗ്ധരുടെ സാന്നിധ്യം കൊണ്ട് സമ്പന്നമായി. സമ്മേളനത്തിന്റെ ഔപചാരിക ഉദ്ഘാടനം KUHS അക്കാദമിക് കോളേജിന്റെ പ്രിൻസിപ്പാൾ ഡോ. വി.വി. ഉണ്ണികൃഷ്ണൻ നിർവ്വഹിച്ചു. ഉദ്ഘാടന ചടങ്ങിൽ ജൂബിലി മിഷൻ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ, അസി. ഡയറക്ടർ ഫാ. പോൾ ചാലിശ്ശേരി, സി.ഇ.ഒ. ഡോ. ബെന്നി ജോസഫ് നീലങ്കാവിൽ, ലോകാരോഗ്യ സംഘടനയുടെ കോളാബ്രേറ്റിങ്ങ് സെന്റർ ഫോർ എമർജൻസി ആന്റ് ട്രോമ കെയറിന്റെ ഡയറക്ടർ പ്രൊഫ. ഡോ. സഞ്ജീവ് ഭോയ്, മെഡിക്കൽ സൂപ്രണ്ട് ഡോ. ഷിബു കള്ളിവളപ്പിൽ, എമർജൻസി വിഭാഗം മേധാവി ഡോ. ബാബു പാലാട്ടി, കോൺഫറൻസ് ചെയർമാൻ പ്രൊഫ. ഡോ. രാജീവ് പി.സി. സെക്രട്ടറി ഡോ. അപ്പു ശുശീൽ എന്നിവർ പങ്കെടുത്തു. നവംബർ 23-ന് ആരംഭിച്ച പ്രീ-കോൺഫറൻസ് ശിൽപ്പശാലകൾ അടിയന്തര ചികിത്സയുടെ പ്രധാന മേഖലകളായെ ഒഫ്താൽമോളജി, ഇ.എൻ.ടി., ഡെന്റൽ, പ്രസവാഘാതങ്ങൾ, വാസ്കുലർ ആക്സസ് ടെക്നിക്സ് തുടങ്ങിയ മേഖലകളിൽ കേന്ദ്രീകരിച്ച് പ്രമുഖ വിഭാഗ മേധാവികളായ ഡോ. സെറീന ഗിൽവാസ്, ഡോ. ആൻഡ്രൂസ്, ഡോ. ജോർജ്ജ്, ഡോ. ഫിലിപ്പ് മാത്യു, ഡോ. ലിനു ശേഖർ, ഡോ. ജ്യോതി ആന്റണി, ഡോ. നീതു എൻ. എന്നിവർ ശിൽപ്പശാലകൾക്ക് നേതൃത്വം നൽകി. കോൺഫറൻസിന്റെ ഭാഗമായി ഡോ. ജോജു മുക്കാട്ടുകര ഡോ. സുജനപാൽ, ഫയർ ആന്റ് റെസ്ക്യൂ ടീമിലെ പ്രതിനിധികളായ ഡോ. വിജയ് ചഞ്ചൽ, ഡോ.ഡിയോ മാത്യു, ഡോ. സിജു വി. അബ്രഹാം, ഡോ. എറിൻ എലിസ സണ്ണി എന്നിവർ ചേർന്ന് സേഫ്റ്റി വർക്ക്ഷോപ്പ് സംഘടിപ്പിച്ചു. വർക്ക്ഷോപ്പിൽ അടിയന്തര സാഹചര്യങ്ങളിൽ സ്വീകരിക്കാവുന്ന രക്ഷാപ്രവർത്തനങ്ങൾ, വിഷബാധ, തീപിടിത്തങ്ങൾ മുതലായവ കൈകാര്യം ചെയ്യാനുള്ള പ്രഥമിക മാർഗ്ഗങ്ങൾ എന്നീ വിഷയങ്ങളിൽ വിശദീകരണം നൽകി. അടിയന്തര ചികിത്സയിലെ വെല്ലുവിളികളും പരിഷ്ക്കാരങ്ങളുമായി ബന്ധപ്പെട്ട ആഭ്യന്തര-അന്താരാഷ്ട്ര വിദഗ്ധരുടെ ചർച്ചകൾ, ഗവേഷണ മുന്നേറ്റങ്ങൾ പങ്കുവെച്ച പി. ജി. വിദ്യാർത്ഥി പ്രബന്ധങ്ങൾ, ഡോ. അരവിന്ദ് ശ്രീകുമാർ നടത്തിയ എമർജൻസി പോസ്റ്റ് ഗ്രാജുവേറ്റ് ക്വിസ് – AEGIS- എന്നിവയായിരുന്നു സമ്മേളനത്തിന്റെ മറ്റു പ്രധാന ആകർഷണങ്ങൾ. ഇ.എം. കേരള-2024, അടിയന്തര ചികിത്സാരംഗത്തെ പുത്തൻ സാധ്യതകൾ വിശദീകരിച്ചുകൊണ്ട് പങ്കെടുത്തവരിൽ പ്രചോദനവും പുതിയ അറിവുകളും സമ്മാനിച്ചു. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ഈ സമ്മേളനത്തിന് മികച്ച ആതിഥേയത്വം നൽകി. പുനൽനിർമാണത്തിന്റെ വാതിൽപ്പടികൾ എന്ന ആശയം മുന്നോട്ട് വെച്ചുകൊണ്ട് ഇ.എം. കേരള-2024 അടിയന്തര ചികിത്സാരംഗത്തെ ഭാവി കോൺഫറൻസുകൾക്ക് പുതിയ മാതൃകയായി.